## പതിനാലാം കേരളനിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 925      11.07.2016 – ൽ മറുപടിയ്ക്ക്

## ചാലക്കുടി ഹൗസിംഗ് ബോർഡ് വക സ്ഥലം

| ചോദ്യം<br>**ശ്രീ. ബി.ഡി. ദേവസ്സി** | ഉത്തരം<br>**ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|
| (എ) മുപ്പത് വർഷങ്ങൾക്ക് മുൻപ് ചാലക്കുടി ഹൗസിംഗ് ബോർഡ് വക സ്ഥലം വിലയ്ക്ക് വാങ്ങിയവർക്ക് ഇനിയും തീറാധാരം നല്കിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചാലക്കുടി ഭവന പദ്ധതിയിൽ ആകെയുള്ള 124 അലോട്ടികളിൽ 102 പേർക്ക് വിലയാധാരം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത ഭൂമി സംബന്ധിച്ച കേസുകളെല്ലാം തീർപ്പാക്കിയ സാഹചര്യത്തിൽ ഇവർക്ക് തീറാധാരം നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | (ബി) ചാലക്കുടി ഭവന പദ്ധതിയിൽ നിലവിലിരുന്ന കേസുകൾക്ക് കോടതി വിധിയനുസരിച്ചുള്ള തുക ബോർഡ് നൽകിയിട്ടുണ്ടെങ്കിലും Decree Satisfaction Certificate ഇതുവരെ ലഭിച്ചിട്ടില്ല. DSC ലഭിച്ചാൽ മാത്രമേ കേസുകളെല്ലാം തീർപ്പായി എന്നു കണക്കാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ അലോട്ടികളുടെ കഷ്ടതകൾ മനസ്സിലാക്കി LAR, ആർബിട്രേഷൻ |

എന്നിവ നിമിത്തം അന്തിമവില കണക്കുകൾ തയ്യാറാക്കാൻ സാധിക്കാത്ത കേസുകളിൽ അതതു പദ്ധതികളുടെ കണക്കുകൾ പരിശോധിച്ച് ബോർഡിന് നാളിതു വരെ ചെലവായതും ഭാവിയിൽ വരാവുന്നതുമായ ചെലവുകൾ കണക്കാക്കി പുനർനിർണ്ണയം ചെയ്ത തുകയും അതിന്റെ 30% സെക്യൂരിറ്റി തുകയും ഓരോ അലോട്ടികളിൽ നിന്നും ഈടാക്കി സമ്പൂർണ്ണ വിലയാധാരം നൽകുവാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ടി സ്കീമിൽ മൊത്തം 58 പ്ളോട്ടുകളും, 66 വീടുകളും ഉള്ളതിൽ 50 പ്ലോട്ടുകളുടെയും, 52 വീടുകളുടേയും (പ്ലോട്ട് വിത്ത് ബിൽഡിംഗ്) വിലയാധാരം അലോട്ടികൾക്ക് ഇതുവരെ നൽകിയിട്ടുണ്ട്. എന്നാൽ ബാക്കിയുള്ള 22 പേർക്കും മേൽപ്പറഞ്ഞ രീതിയിൽ വിലയാധാരം നൽകുന്നതിൽ തടസ്സമില്ല.

സെക്ഷൻ ഓഫീസർ